**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1465** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ പ്ലാറ്റ്ഫോമിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തങ്ങൾ ഓൺലൈൻ പ്ലാറ്റ് ഫോമിലേക്ക് മാറ്റുന്ന പ്രവർത്തങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനായി ബന്ധപ്പെട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ മുഖേന 03/05/2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. www.eemployment.kerala.gov.in എന്ന വെബ് സൈറ്റ് വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്ന പ്രത്യക്ഷമായ സേവനങ്ങൾ എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്.<br><br>വെബ് സൈറ്റ് വഴി രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗതവിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ട്. രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് ഒരു മൊബൈൽ ആപ്പും 11.12.2021 മുതൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.<br><br>കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർ രഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി എംപ്ലോയ്മെന്റ് വകുപ്പിന് കീഴിലുള്ള എല്ലാ സബ് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കി കഴിഞ്ഞു. എംപ്ലോയർക്ക് ലിസ്റ്റ് ഓൺലൈൻ വഴി നൽകുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡുകൾ സ്മാർട്ട് കാർഡുകളായി പരിവർത്തനം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഉദ്യോഗാർത്ഥികൾക്ക് സ്മാർട്ട് കാർഡ് വിതരണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡുകൾ സ്മാർട്ട് കാർഡുക ളാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം മോഡൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ഉദ്യോഗാർത്ഥികൾക്ക് സ്മാർട്ട് കാർഡ് നൽകി വരുന്നു. കോഴിക്കോട് , തൃശ്ശൂർ ജില്ലാ എക്സ്ചേഞ്ചുകളെ മോഡൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളായി പരിവർത്തനം ചെയ്യുന്നതിനു വേണ്ട നടപടികൾ ആരഭിച്ചിട്ടുണ്ട് പ്രസ്തുത പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതാണെന്നും എല്ലാ ഉദ്യോഗാർത്ഥികൾക്കും ഓൺലൈൻ ആയി സ്മാർട്ട് കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. .മറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും സ്മാർട്ട് കാർഡ് പ്രിന്റർ ലഭ്യമാക്കുന്ന മുറയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന തന്നെ സ്മാർട്ട് കാർഡ് ലഭ്യമാക്കുന്നതാണ് . |
| (സി) | പ്രവാസിക്ഷേമം മുൻനിർത്തി പ്രവാസികൾക്കായി പ്രത്യേക വെർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | പ്രവാസിക്ഷേമം മുൻനിർത്തി രണ്ടാം ലോക കേരള സഭയുടെ തീരുമാനപ്രകാരം ബഹു മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം എംപ്ലോയ്മെന്റ് വകുപ്പ് മുഖേന പ്രവാസികൾക്കായി പ്രത്യേക വെർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രൂപീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ നിലവിൽ വരുന്ന ഓൺലൈൻ പ്രൈവറ്റ് ജോബ് പോർട്ടൽ മുഖേന സ്വകാര്യ മേഖലയിൽ ഉണ്ടാകുന്ന വേക്കൻസികളിലേക്കും പ്രവാസികൾക്ക് യുക്തമായ തൊഴിൽ അവസരങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടാൻ അവസരം ഒരുക്കുന്നതാണ് |

സെക്ഷൻ ഓഫീസർ